(ഡി) ഗ്രാമപഞ്ചായത്തിന് കൂടുതൽ അധികാരങ്ങളും ചുമതലകളും നൽകിക്കൊണ്ടുള്ള മാറ്റങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ മാറ്റങ്ങളുടെ പട്ടിക പരിശോധിച്ചുവരുന്നു.

(ഇ) 2011-ൽ തുടങ്ങി 2016-ൽ അവസാനിപ്പിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2016-ൽ പൂർത്തീകരിക്കാം എന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

(എഫ്) ജില്ലതിരിച്ചുള്ള തെരഞ്ഞെടുത്ത ഗ്രാമപഞ്ചാത്തുകളിലെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്തെ കാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ

13 (*73) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാൻസർ രോഗ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്താനും പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ബോധവത്ക്കരണം നടത്താനും എന്തൊക്കെ പുതിയ നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി തിരുവനന്തപുരം ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി ഡിവിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ;

(സി) ഈ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതൊക്കെ സർക്കാർ/സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പുവരുത്താനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(ഡി) എല്ലാ ജില്ലകളിലും കാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞുവോ ;

(ഇ) ഇല്ലെങ്കിൽ ഇനിയും ഏതൊക്കെ ജില്ലകളിലാണ് ഇതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ളത് ; ഇത് എന്ന് പൂർത്തിയാക്കാനാകും ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) കാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് പുതിയ റേഡിയോ തെറാപ്പി മെഷീനുകൾ (ലിനിയർ ആക്സിലറേറ്റർ) സ്ഥാപിച്ചു. ഇത്തരം മെഷീനിൽ രോഗികൾക്കുള്ള റേഡിയേഷൻ ചികിത്സാ പ്ലാനിംഗിനുവേണ്ടി പുതുതായി ഒരു ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റവും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആധുനിക സംവിധാനമായ ബ്ലഡ് ഇറാഡിയേറ്റർ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് ആരംഭിച്ചു. കൂടുതൽ രോഗികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും, കിടത്തി ചികിത്സിക്കുന്നതിനുമായി 22 കോടി രൂപ ചെലവിൽ ഒരു പത്തുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. രോഗ പ്രതിരോധ പ്രവർത്തനത്തിനും, ബോധവൽക്കരണത്തിനുമായി പൊതുപരിപാടികളും, ക്യാൻസർ നിർണ്ണയ ക്യാംപുകളും കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പാലക്കാട്, എറണാകുളം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ ആർ.സി.സി.-യുടെ കീഴിലുള്ള മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ മുഖാന്തിരം നടത്തിവരുന്നു. ക്യാൻസർ രോഗികളുടെ സമഗ്രമായ വിവരശേഖരണത്തിനായി എം.സി.സി., ഐ.സി.എം.ആർ-ന്റെ സഹകരണത്തോടെ ക്യാൻസർ രജിസ്ട്രി തുടങ്ങാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലിനിയർ ആക്സിലറേറ്ററും, മജ്ജ മാറ്റിവയ്ക്കൽ സംവിധാനം, നിലവിലുള്ള ഓപ്പറേഷൻ തിയേറ്ററിൽ കൂടുതൽ ഉപകരണങ്ങളും സ്ഥാപിക്കാനുള്ള നടപടികൾ എം.സി.സി.-യിൽ പുരോഗമിച്ചുവരുന്നു. ശാരീരിക ബുദ്ധിമുട്ടുള്ള ക്യാൻസർ രോഗികളെ വീട്ടിൽച്ചെന്ന് പരിശോധിക്കുന്നതിനും പരിചരിക്കുന്നതിനുമുള്ള ഹോം കെയർ സർവ്വീസ് പ്രവർത്തിച്ചുവരുന്നു. 125 രോഗികളെ കിടത്തി ചികിത്സിക്കാനായുള്ള ഇൻപേഷ്യന്റ് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മറ്റ് ആശുപത്രികളിലെ ഡോക്ടർമാർക്കും രോഗികൾക്കും എം.സി.സി-യിലെ ഡോക്ടർമാരുമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള ടെലി മെഡിസിൻ സംവിധാനവും നിലവിലുണ്ട്.എം.സി.സി.-യുടെ സഹകരണത്തോടെ മലബാർ മേഖലയിലെ എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ വാർഡ് തുടങ്ങാനുള്ള ഒരു പ്രൊപ്പോസൽ നിലവിൽ പരിഗണനയിലാണ്. കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ രോഗനിർണ്ണയ ക്യാംപുകൾ എം.സി.സി. നടത്തിവരുന്നുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഇടുക്കി ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ക്യാൻസർ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കാനായി സർക്കാർ 6,80,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ പാലക്കാട് ജില്ലയിലെ ആദിവാസി മേഖലയിൽ ക്യാൻസർ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കാനായി 10,27,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെയും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി&ഡി) ക്യാൻസർ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, അമല ക്യാൻസർ സെന്റർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കാരക്കോണം മെഡിക്കൽ കോളേജ്, പ്രാദേശിക സംഘടനകൾ എന്നിവയുമായി പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു. വിശദമായ ചർച്ചകൾക്കുശേഷമേ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനും ക്യാൻസർരോഗ നിർണ്ണയത്തിനായി ജില്ലകൾതോറും പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുവാനും സാധിക്കുകയുള്ളൂ. മലബാർ മേഖലയിലെ എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ വാർഡ് മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ ആരംഭിക്കുവാനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആർ.സി.സി.-ക്കും, എം.സി.സി.-ക്കും പുറമേ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, പത്തനംതിട്ട ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും ഗർഭാശയഗള ക്യാൻസർ പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ട്. സ്തനം, വായ് എന്നിവിടങ്ങളിലെ ക്യാൻസർ നിർണ്ണയത്തിന് സർജൻ, ദന്തഡോക്ടർ എന്നിവർക്ക് സാധിക്കുന്നു. ആർ.സി.സി.-യുടെ കീഴിലുള്ള എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലെ ഉപകേന്ദ്രങ്ങളിലും എൻ.ബി.ആർ.ആർ. നീണ്ടകര, കോഴഞ്ചേരി, കൊല്ലം, പത്തനംതിട്ട, കണ്ണൂർ എന്നീ പെരിഫറൽ കേന്ദ്രങ്ങളിലും മുൻകൂർ ക്യാൻസർ നിർണ്ണയ സൗകര്യമുണ്ട്.

ജീവൻരക്ഷാ മരുന്നുകളുടെ വിലവർദ്ധനവ് തടയാൻ നടപടി

14 (*74) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻ രക്ഷാമരുന്നുകളുടെ വില അഭൂതപൂർവ്വമായ രീതിയിൽ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഒരേ മരുന്നിന് തന്നെ വിവിധ മരുന്നു കമ്പനികൾ വ്യത്യസ്ത വിലകൾ ഈടാക്കുന്ന കാര്യം നിരീക്ഷിച്ചിട്ടുണ്ടോ ; ഈ പ്രവണത ഫലപ്രദമായി തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) ജീവൻ രക്ഷാമരുന്നുകളുടെ വിലവർദ്ധനവ് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ&ബി) ജീവൻരക്ഷാ മരുന്നുകളുടെ വില വർദ്ധനവും ഒരേ മരുന്നിന് ഔഷധനിർമ്മാതാക്കൾ വ്യത്യസ്ത വിലകൾ ഈടാക്കുന്നകാര്യവും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റിന്റെ Chemical Fertilizers മന്ത്രാലയത്തിലെ Department of Pharmaceuticals-ന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA)-ആണ്. സംസ്ഥാനത്ത് ഈ രീതിയിൽ വിപണിയിലുള്ള മരുന്നുകളുടെ വിവരങ്ങൾ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിക്ക് മാസാമാസം റിപ്പോർട്ട് ചെയ്യാറുണ്ട്.

(സി) മരുന്നുകളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയാണ് വില നിയന്ത്രിക്കുന്നത്. സംസ്ഥാന സർക്കാരിന് സാദ്ധ്യമായ എല്ലാമാർഗ്ഗങ്ങളും അവലംബിച്ച് ജീവൻരക്ഷാ മരുന്ന് ഉൾപ്പെടെയുള്ള മരുന്നുകൾ ബി.പി.എൽ.-ൽപ്പെട്ടവർക്ക് സൗജന്യമായും അല്ലാത്തവർക്ക് കുറഞ്ഞവിലനിരക്കിലും ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly